"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1, ശ്രീ. രജ്ഞു എസ്.എസ്-നെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.32/2025/H&FWD തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:-

1. സ.ഉ. (അച്ചടി) നം. 55/2020/ആ.കു.വ തീയതി 16.09.2020.
2. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ മുൻപാകെ ശ്രീ. രജ്ഞു എസ്.എസ്. സമർപ്പിച്ച 30.07.2022 തീയതിയിലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.03.2023, 16.04.2024, 12.12.2024 തീയതികളിലെ ഡി.എച്ച്.എസ്.5114/2022-ഇസി4 നമ്പർ കത്തുകൾ.
4. സർക്കാർ മുൻപാകെ 05.11.2024 തിയതിയിൽ ശ്രീ. രജ്ഞു എസ്.എസ്. സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -I ആയ ശ്രീ. രജ്ഞു എസ്.എസ്, 25.12.2021 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനില്ക്കുന്നതിനാൽ ടിയാനെതിരെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ടെന്നും, ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയോടൊപ്പം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അപേക്ഷയും നിശ്ചിത മാതൃകയിലുള്ള ബോണ്ടും അനുബന്ധരേഖകളും ഹാജരാക്കിയിട്ടുണ്ടെന്നും, ശ്രീ റെജ്ഞു എസ്.എസ്. സമർപ്പിച്ച അപേക്ഷ പരിഗണിച്ചുകൊണ്ട് അച്ചടക്ക നടപടിക്കു വിധേയമായി ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാവുന്നതാണെന്ന്, പരാമർശം (1) ൽ വ്യവസ്ഥ ചെയ്യതിൻ പ്രകാരം മുദ്രപത്രത്തിലുള്ള ബോണ്ട്, പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ എന്നിവ സഹിതം, ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. ശ്രീ. രജ്ഞു എസ് .എസ് - നെതിരെ ടിയാന്റെ ഭാര്യ സമർപ്പിച്ച സ്ത്രീധന പീഡനം ആരോപിച്ചുള്ള പരാതിയിൽ, പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫിസർ, 04.03.2022 ലെ A6/6492/2022/ജി. മെ.ആ നമ്പർ പ്രകാരം കുറ്റാരോപണ മെമ്മോ നൽകികൊണ്ട് അച്ചടക്ക നടപടി ആരംഭിച്ചിരുന്നുവെന്നും തുടർന്ന് ശ്രീ. രജ്ഞു എസ്.എസ്, 25.12.2021 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല എന്ന കുറ്റത്തിന് 20.03.2024 ൽ കുറ്റാരോപണ മെമ്മോ നൽകികൊണ്ട്, ടിയാനെതിരെ വീണ്ടും തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ആരംഭിച്ചുവെന്നും ആയത് തുടർന്നുവരികയാണെന്നും പരാമർശം (3) ലെ 16.04.2024 ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കുറ്റാരോപണ മെമ്മോയിലും കുറ്റാരോപണ പത്രികയിലും പിഴവുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം, ശ്രീ.രജ്ഞു എസ്.എസ്.-ന് നൽകിയിരുന്ന രണ്ട് കുറ്റാരോപണ മെമ്മോകളും റദ്ദ് ചെയ്തുകൊണ്ട് രണ്ട് കുറ്റങ്ങളും ചേർത്ത് പുതുക്കിയ കുറ്റാരോപണ മെമ്മോ 10.12.2024 ൽ നൽകികൊണ്ട് ടിയാനെതിരെ അച്ചടക്ക നടപടി ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം ആരംഭിച്ചിട്ടുണ്ടെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും, ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - I ആയിരിക്കവേ 25.12.2021 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനില്ക്കുന്ന ശ്രീ.രജ്ഞു എസ്. എസ്.-നെ, അച്ചടക്ക നടപടികൾക്ക് വിധേയമായി സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പുന:പ്രവേശന അപേക്ഷയോടൊപ്പം അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള, മുദ്രപത്രത്തിലുള്ള ബോണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. പുനഃപ്രവേശനം നേടുന്ന ഉദ്യോഗസ്ഥന്റെ ബാദ്ധ്യതാ വിവരം ടിയാന്റെ സേവന പുസ്തകത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബാദ്ധ്യതാ രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ശ്രീ.രജ്ഞു എസ്.എസ്.-നെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം സ്വീകരിക്കേണ്ടതാണ്.

4. അപേക്ഷകനെതിരെയുള്ള അച്ചടക്കനടപടികൾ സമയബന്ധിതമായി തീർപ്പാകുന്നതിനുള്ള അടിയന്തിര നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം സ്വീകരിക്കേണ്ടതും തീർ പ്പാക്കുന്ന മുറയ്ക്ക് ടിയാന്റെ അനധികൃത ഹാജരില്ലായ്മ ക്രമീകരിക്കുന്നതിനായുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഒറിജിനൽ ബോണ്ട് സഹിതം).

ശ്രീ. രജ്ഞു എസ്.എസ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

ജില്ലാ മെഡിക്കൽ ഓഫിസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-എ) വകുപ്പ് ( 08.07.2024 തീയതിയിലെ ADV-A2/111/2024-PandARD നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി - F2/116/2023-HEALTH ഫയലിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Vilasini K.V
സെക്ഷൻ ഓഫീസർ
Date: 24-01-2025 17:32:26